LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പ്

33(*113) ശ്രീ പി രാഘവൻ :
ശ്രീ എം ദാസൻ :
ശ്രീ സി. കെ. രാജേന്ദ്രൻ :
ശ്രീ പി. കെ. കുമാരൻ :
ശ്രീ വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണ സമിതികൾ എപ്പോഴാണ് നിലവിൽ വരേണ്ടതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പുതിയ ഭരണ തലങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് എപ്പോൾ നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുവേണ്ടി എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പുതിയ വോട്ടർ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ഇ) സംസ്ഥാനത്ത് നടന്നുവരുന്ന സെൻസസിന്റെ ഭാഗമായി വീടുകളുടെ നമ്പരിൽ ഉണ്ടാകുന്ന മാറ്റം പുതിയ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) കഴിഞ്ഞ ലോകസഭ, നിയമസഭ തെരഞ്ഞെടുപ്പുകളിലെ വോട്ടർ പട്ടിക, വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലും ഉപയോഗിക്കുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) 2000 ഒക്ടോബർ രണ്ടിന്.

(ബി) 2000 സെപ്റ്റംബർ രണ്ടാം പാദത്തിൽ തെരഞ്ഞെടുപ്പു നടത്താൻ ഏകദേശം ധാരണ ആയിട്ടുണ്ട്. തെരഞ്ഞെടുപ്പു തീയതി നിശ്ചയിച്ചിട്ടില്ല.

(സി) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെ വാർഡ് വിഭജനം, പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കൽ വോട്ടർ പട്ടിക തയ്യാറാക്കൽ, തെരഞ്ഞെടുപ്പ് സാധനസാമഗ്രികളുടെ സംഭരണം തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരികയാണ്

(ഡി) 2000-ലെ പൊതു തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള വോട്ടർ പട്ടികയിലെ കരട് 5-5-2000-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 30-6-2000 വരെ അതിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) 1-1-2000-ലെ അസംബ്ലി വോട്ടർ പട്ടിക വാർഡ് അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. വാർഡുകൾ പുനർനിർണയം നടത്തിയതിനാൽ പ്രസ്തുത വോട്ടർ പട്ടിക അടിസ്ഥാന രേഖയായി സ്വീകരിച്ച്, വാർഡ് പുനർനിർണയത്തിനുശേഷം നിലവിൽ വന്ന പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ വാർഡുകൾ അനുസരിച്ച് ക്രമീകരിച്ചാൽ മാത്രമേ ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ അപ്രകാരം നടപടി സ്വീകരിച്ചുവരികയാണ്.

എൻട്രൻസ് ഉത്തര സൂചികയിലെ തിരുത്തൽ

24(*114) ശ്രീ. എ. കെ. മണി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയുടെ ഉത്തര സൂചിക എത്ര പ്രാവശ്യം പ്രസിദ്ധീകരിച്ചു ;

(ബി) ഈ ഉത്തര സൂചിക ഒന്നിലധികം പ്രാവശ്യം പ്രസിദ്ധീകരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) രണ്ടാമത് പ്രസിദ്ധീകരിച്ച ഉത്തര സൂചികയിലും എൻട്രൻസ് പരീക്ഷയുടെ ചോദ്യത്തിലും തെറ്റുണ്ടെന്ന് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പരാതി പരിശോധിച്ചുട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും മേൽ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) രണ്ട് പ്രാവശ്യം.

(ബി) ആദ്യം ഉത്തര സൂചിക തയ്യാറാക്കി പ്രസിദ്ധീകരിച്ചപ്പോൾ വിവിധ വെർഷൻ ചോദ്യങ്ങളുടെ ഉത്തരങ്ങൾ അതാത് വെർഷനുകളുടെ സൂചികകളുമായി ക്രമീകരിച്ചപ്പോൾ മാറിപ്പോവുകയും ശരിയായ സൂചിക വീണ്ടും പ്രസിദ്ധപ്പെടുത്തുകയാണുണ്ടായത്.

(സി&ഡി) പരാതികൾ ലഭിച്ചിട്ടുണ്ട്. അവ ക്രോഡീകരിച്ച് വിദഗ്ദ്ധ സമിതിക്ക് കൊടുത്ത് പരാതി സംബന്ധിച്ചുള്ള നിജസ്ഥിതി അറിയാനുള്ള നടപടികൾ പരീക്ഷാ കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്.

പ്ലസ് ടു കോഴ്സ് അനുവദിച്ചതിലുള്ള അപാകത

25(*115) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly